LIBRARY ARCHIVES Kerala Legislative Assembly

അപകടമരണമടയുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം

253 (3689) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടത്തിൽപ്പെട്ട് മരണമടയുന്ന പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്നവരുടെ ആശ്രിതർക്ക് എത്ര രൂപ ധനസഹായമാണ് പട്ടികജാതി വകുപ്പിൽ നിന്നും അനുവദിക്കുന്നത് ;

(ബി) ഇതിനായി തയ്യാറാക്കുന്ന അപേക്ഷയിൽ എന്തൊക്കെ രേഖകളാണ് ഉൾക്കൊള്ളിക്കേണ്ടത് ?

ഉത്തരം

(എ) 20-9-2012-ലെ സ.ഉ.(കൈ) നമ്പർ 128/12 പ്രകാരം കുടുംബത്തിന്റെ ഏക വരുമാനദായകന്റെ അപകടമരണത്തിന് നിബന്ധനകൾക്ക് വിധേയമായി 50,000 രൂപ ധനസഹായം നൽകിവരുന്നു.

(ബി) ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തഹസീൽദാരുടെ റിപ്പോർട്ട്, ഡെത്ത് സർട്ടിഫിക്കറ്റ്, പോസ്റ്റുമോർട്ടം റിപ്പോർട്ട് എന്നിവ ഉൾക്കൊള്ളിക്കേണ്ടതുണ്ട്.

എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

254 (3690) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാർക്ക് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പ്രസ്തുത പദ്ധതിവഴി നൽകാൻ ഉദ്ദേശി ക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?